# കമ്യൂണിസം – ഇസ്‌ലാം സംവാദത്തിന്റെ പ്രസക്തി

**“സാര്‍** ഭരണത്തില്‍ നിങ്ങളുടെ മസ്ജിദുകളും പാര്‍പ്പിടങ്ങളും തകര്‍ക്കപ്പെട്ടുകൊണ്ടിരുന്നു. വിശ്വാസങ്ങളും ആചാരങ്ങളും ചവിട്ടിമെതിക്കപ്പെട്ടുകൊണ്ടിരുന്നു. ഇപ്പോള്‍ നിങ്ങളെല്ലാവരുടെയും വിശ്വാസങ്ങളും പൈതൃകങ്ങളും സാമൂഹിക സാംസ്‌കാരിക സ്ഥാപനങ്ങളും സുരക്ഷിതവും സ്വതന്ത്രവുമാകുന്നു. എല്ലാ സമുദായങ്ങള്‍ക്കും അവരവരുടെ സാംസ്‌കാരിക ജീവിതം യാതൊരു വിലക്കുമില്ലാതെ സ്വയം സംവിധാനിക്കാം. നിങ്ങള്‍ക്ക് അതിനവകാശമുണ്ട്. നല്ലവണ്ണം ഗ്രഹിച്ചിരിക്കുക, റഷ്യയിലെ മറ്റേതൊരു പൗരന്റേതും പോലെ നിങ്ങളുടെയും അവകാശങ്ങള്‍ സംരക്ഷിക്കപ്പെടും. അതിന് സര്‍ക്കാര്‍ ഏജന്‍സികളും സൈന്യവും വിപ്ലവ പ്രതിനിധികളും പാര്‍ട്ടി പ്രവര്‍ത്തകരും കര്‍ഷകരുമെല്ലാം അവരുടെ പൂര്‍ണശക്തിയോടെ നിങ്ങളോടൊപ്പമുണ്ടായിരിക്കും. അതുകൊണ്ട് നിങ്ങള്‍ ഈ വിപ്ലവത്തെയും അതിന്റെ പരമാധികാര സര്‍ക്കാറിനെയും പിന്തുണക്കണം. സഖാക്കളേ, സഹോദരങ്ങളേ, വരുവിന്‍! ഉത്തരവാദിത്വപൂര്‍ണമായ ജനകീയ ക്ഷേമത്തിലേക്ക് മാര്‍ച്ചു ചെയ്യുവിന്‍! നോക്കൂ, ‘അടിച്ചമര്‍ത്തപ്പെട്ട സര്‍വജനങ്ങളുടെയും വിമോചനം’ എന്നാണ് നമ്മുടെ പതാകകളില്‍ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ളത്.” റഷ്യന്‍ വിപ്ലവത്തിന്റെ നായകന്‍ വ്‌ളാദിമിര്‍ ലനിന്‍ 1917-ല്‍ വിപ്ലവം അരങ്ങേറിയ ഉടനെ മുസ്‌ലിം സമൂഹത്തെ സംബോധന ചെയ്ത് പറഞ്ഞ വാക്കുകളാണിത്. സാറിസ്റ്റ് റഷ്യയില്‍ മുസ്‌ലിം സമുദായവും അവരുടെ മതമൂല്യങ്ങളും അഭിമുഖീകരിക്കേണ്ടിവന്ന പീഡനങ്ങളൊന്നും കമ്യൂണിസ്റ്റ് റഷ്യയില്‍ ഉണ്ടാവില്ലെന്ന് ലനിന്‍ അവര്‍ക്ക് ഉറപ്പു കൊടുത്തു. മുസ്‌ലിം സമുദായത്തെ വിശ്വാസത്തിലെടുക്കുന്നു എന്നറിയിക്കുന്നതോടൊപ്പം വിപ്ലവത്തിന് അവരുടെ അകമഴിഞ്ഞ പിന്തുണതേടുകയായിരുന്നു ലനിന്‍.

പക്ഷേ, വിപ്ലവത്തിന്റെ ആദ്യനാളുകളില്‍ മുസ്‌ലിംകള്‍ക്ക് അനുഭവപ്പെട്ട സുഖകരമായ അന്തരീക്ഷം ഏറെക്കാലം നിലനിന്നില്ല. കമ്യൂണിസ്റ്റ് അധികാരികള്‍ തുറന്ന മതവിരുദ്ധ സമീപനം കൈക്കൊള്ളുകയും ക്രൈസ്തവതക്ക് സമാനമായ മതമായി ഇസ്‌ലാമിനെ പരിഗണിക്കുകയും ചെയ്തതോടെ സ്ഥിതിഗതികള്‍ വഷളായി. നിരീശ്വരത്വത്തിലും ഭൗതികവാദത്തിലും അധിഷ്ഠിതമാണ് കമ്യൂണിസ്റ്റ് വ്യവസ്ഥ. ബൂര്‍ഷ്വാസിയുടെ ചൂഷണോപാധിയായ മതം അതിന്റെ ബദ്ധശത്രുവാണെന്നവര്‍ തീരുമാനിച്ചു. ദൈവത്തില്‍ വിശ്വസിക്കുന്നതിനാല്‍ എല്ലാ മതങ്ങളുടെയും ജീവിത വീക്ഷണവും സാമൂഹികക്രമവും ഒന്നുതന്നെ എന്നു കണക്കുകൂട്ടിയത് കമ്യൂണിസ്റ്റ് ആചാര്യന്മാര്‍ക്കു പിണഞ്ഞ വലിയൊരബദ്ധമായിരുന്നു. ക്രിസ്തുമതത്തിന്റെ സമകാലീന അവസ്ഥയും ക്രൈസ്തവ പുരോഹിതന്മാരുടെ പ്രവര്‍ത്തന രീതിയും എല്ലാ മതങ്ങളെയും അളക്കാനുള്ള മാനദണ്ഡമായി അവര്‍ കരുതി. കമ്യൂണിസത്തിന്റെ ഉപജ്ഞാതാവായ കാള്‍ മാര്‍ക്‌സിനുവരെ പിണഞ്ഞിട്ടുള്ളതാണ് ഈ അബദ്ധം.

മുസ്‌ലിംകള്‍ 1917-ലെ റഷ്യന്‍ വിപ്ലവത്തിന്റെ സ്പിരിറ്റിന് എതിരായിരുന്നില്ല. അധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും അടിച്ചമര്‍ത്തപ്പെട്ടവരുടെയും ഭാരങ്ങള്‍ ലഘൂകരിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക ഇസ്‌ലാം മതത്തിന്റെയും ലക്ഷ്യങ്ങളില്‍ പെടുന്നു. അതിനുവേണ്ടിയുള്ള സമരം ദൈവിക മാര്‍ഗത്തിലുള്ള സമരമാണെന്നു വിശുദ്ധഖുര്‍ആന്‍ വ്യക്തമാക്കുന്നുണ്ട്. ഇസ്‌ലാമും കമ്യൂണിസവും തമ്മിലുള്ള ഭിന്നത

ഏകദൈവത്വം, പരലോകം എന്നീ യാഥാർഥ്യങ്ങളിലാണ്. കമ്യൂണിസം മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങളോടൊപ്പം അതിനപ്പുറമുള്ള ഉദാത്തമായ ചില ലക്ഷ്യങ്ങൾക്കുവേണ്ടി കൂടി പ്രവർത്തിക്കുന്നവരാണ് മുസ്‌ലിംകൾ. ദൈവം അനുശാസിച്ച ധർമങ്ങൾ പാലിക്കുന്നതിലൂടെ പരലോകവിജയമാണ് മുസൽമാന്റെ ആത്യന്തിക ലക്ഷ്യം. ഭൗതിക ജീവിതത്തിന്റെ എല്ലാ തുറകളിലും നീതി നിലനിർത്തുന്നതിലൂടെ മാത്രമേ ഈ ലക്ഷ്യം നേടാൻ കഴിയൂ. വിപ്ലവ കാരികൾ ഈ യാഥാർഥ്യം ഗൗരവപൂർവം പരിഗണിക്കാതിരിക്കുന്നത് നിർഭാഗ്യകരമാണ്.

റഷ്യൻ വിപ്ലവത്തിന്റെ ഈ ചരിത്രം ഇപ്പോൾ ഓർക്കാൻ കാരണം *ദ ജക്കാർത്ത പോസ്റ്റ്* പ്രസിദ്ധീകരിച്ചതായി ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെട്ട ഒരു ലേഖനമാണ്. 'ലനിനും ശരീഅത്തും കണ്ടുമുട്ടുമ്പോൾ' എന്നാണ് ശീർഷകം. മോൺട്രിയൽ യൂനിവേഴ്സിറ്റിയുടെ ഇസ്‌ലാമിക പഠന വിഭാഗത്തിൽ പി.എച്ച്.ഡി ചെയ്തുകൊണ്ടിരിക്കുന്ന ഇന്തോനേഷ്യൻ പൗരൻ ഹലീം ആണ് ലേഖകൻ. 1965-ന് മുമ്പ് ഇന്തോനേഷ്യയിൽ കമ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായിരുന്ന ശക്തി യുടെയും അതിന്റെ ഇന്നത്തെ അവസ്ഥയുടെയും വിശകലനമാണ് ഉള്ളടക്കം. ഇന്തോനേ ഷ്യയിൽ കോളനിവാഴ്ച അവസാനിപ്പിക്കുന്നതിലും ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രം കെട്ടിപ്പടുക്കുന്നതിലും, മതവിശ്വാസികളും കമ്യൂണിസ്റ്റ് പാർട്ടിയും പരസ്പര വൈരം വെടിഞ്ഞ് കൈകോർത്തിരുന്നുവെങ്കിൽ അവിടെ ഇസ്‌ലാമിന്റെയും കമ്യൂണിസത്തിന്റെയും മൂല്യങ്ങൾ സാക്ഷാത്കരിക്കപ്പെടുന്ന ഒരു സങ്കര വ്യവസ്ഥിതി നിലവിൽ വരുമായിരുന്നുവെന്നും അത് മുതലാളിത്തത്തെക്കാൾ മാത്രമല്ല കേവല പാർട്ടി ഭരണത്തെക്കാളും ഏറെ മെച്ചപ്പെട്ടതാകു മായിരുന്നുവെന്നും ലേഖകൻ സമർഥിക്കുന്നു.

ആസുരമായ ആധുനിക മുതലാളിത്ത സാമ്രാജ്യത്വത്തിനെതിരിലുള്ള രണ്ടു പ്രത്യ യശാസ്ത്രങ്ങളാണ് ഇസ്‌ലാമും കമ്യൂണിസവും. രണ്ടിന്റെയും ലക്ഷ്യങ്ങൾക്കിടയിൽ പൊതു വായ ഘടകങ്ങൾ പലതുമുണ്ട്. ഈ സമാനതകൾ പരിഗണിച്ചുകൊണ്ട് സഹകരണത്തിന്റെ മേഖലകൾ കണ്ടെത്തുകയാണ് സാമ്രാജ്യത്വത്തെ പ്രതിരോധിക്കാനുള്ള പ്രായോഗികമാർഗം. കമ്യൂണിസ്റ്റ് ലോകം ഇസ്‌ലാമിനെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടത് കാലഘട്ടത്തിന്റെ ഒരാവ ശ്യമാണ്. സംവാദത്തിന്റെ അടിസ്ഥാന ബിന്ദുക്കൾ രണ്ടാണ്. ഇസ്‌ലാമിന്റെ വക്താക്കളും കമ്യൂണിസത്തിന്റെ വക്താക്കളും രണ്ടു ജീവിത വീക്ഷണങ്ങളെയും സത്യസന്ധമായും നിഷ്പ ക്ഷമായും വിലയിരുത്താൻ തയാറാവുകയാണ് ഒന്ന്. സമ്പത്തിന്റെ തുല്യവിതരണത്തിനു പകരമായി ഇസ്‌ലാം മുന്നോട്ടുവെക്കുന്ന നീതിപൂർവകമായ വിതരണം എന്ന തത്ത്വത്തിന്റെ യുക്തിയും പ്രായോഗികതയും ആഴത്തിൽ പരിശോധിക്കുകയാണ് രണ്ടാമത്തേത്. കമ്യൂണി സ്റ്റുകാർ അധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും ജീവിത പ്രശ്നങ്ങൾ കൈയൊ ഴിഞ്ഞിട്ടില്ലെങ്കിൽ ഈ പരിശോധന തീർച്ചയായും നടത്തിയിരിക്കണം. കാലത്തിന്റെ ചുവ രെഴുത്ത് വായിക്കാൻ കൂട്ടാക്കാതെ കമ്യൂണിസ്റ്റു പ്രസ്ഥാനം സാമ്രാജ്യത്വത്തെക്കാൾ വീറോടെ ഇസ്‌ലാമിനോടേറ്റു മുട്ടുമ്പോൾ അവർ യഥാർഥത്തിൽ പൊരുതുന്നത് അവരുടെ ലക്ഷ്യത്തി നെതിരെ തന്നെയാണ്. ■